# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4132 16.05.17 ൽ മറുപടിയ്ക്ക്

### ആർ.ടി.ഒ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ എല്ലാ ആർ.ടി. ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ആർ.ടി. ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. |
| (ബി) | ആർ.ടി.ഓഫീസുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | എല്ലാ അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റിയിട്ടില്ല. ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട 10 സേവനങ്ങളും അപേക്ഷകളും വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 12 സേവനങ്ങൾക്കുള്ള അപേക്ഷകളും ആൾ ഇന്ത്യാ പെർമിറ്റുമായി ബന്ധപ്പെട്ട 5 സേവനങ്ങൾക്കുള്ള അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതു കൂടാതെ ക്യാമറയിൽ പിടിക്കുന്ന നിയമലംഘനങ്ങൾക്കുള്ള പിഴകളും, ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാ പുതിയ വാഹനങ്ങളുടെയും നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം മോട്ടോർ വാഹന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു വാഹനങ്ങളുടെ നികുതി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നു. ബാക്കി സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ